# ഭാരതപ്പുഴയിൽ ഇനിയും ഒരണക്കെട്ടോ?? സൈലന്റ്‌വാലി ജലവൈദ്യുതി പദ്ധതി പുതിയരൂപത്തിൽ?

റിവർ റിസർച്ച് സെന്റർ

ഭാരതപ്പുഴയുടെ പ്രധാനകൈവഴികളായ മംഗലംപുഴ, ഗായത്രിപ്പുഴ, ചിറ്റൂർപുഴ, കൽപ്പാത്തിപ്പുഴ എന്നിവയെല്ലാം ഇന്ന് മഴക്കാലത്തുപോലും ഒഴുകാതായിരിക്കുന്നു. മംഗലംപുഴയിലെ മംഗലം അണക്കെട്ടും ഗായത്രിപുഴയുടെ കൈവഴികളിലെ പോത്തുണ്ടി, ചുള്ളിയാർ, മീങ്കര അണക്കെട്ടുകളും ചിറ്റൂർ പുഴയിലെ അറിയാർ, തിരുമൂർത്തി, അപ്പർ അളിയാർ, വണ്ടാർ കാടമ്പാറ അണക്കെട്ടുകളും (പറമ്പിക്കുളം-അളിയാർ പദ്ധതിയുടെ ഭാഗമായി തമിഴ്നാട്ടിൽ നിർമ്മിച്ച അണക്കെട്ടുകൾ) മൂലത്തറ, ചീരക്കുഴി റഗുലേറ്ററുകളും കൽപ്പാത്തിപ്പുഴയുടെ കൈവഴികളിൽ നിർമ്മിച്ചിട്ടുള്ള മലമ്പുഴ, വാളയാർ അണക്കെട്ടുകളും എല്ലാം എത്തുചേർന്നപ്പോൾ നിളാനദി ഒഴുകാതായി. മാത്രമല്ല ഈ അണക്കെട്ടുകളുടെ ജലസേചനപ്രദേശങ്ങളാണ് ഇന്നേറ്റവും വരൾച്ച നേരിടുന്നതും.

ഇന്ന് ഭാരതപ്പുഴയ്ക്ക് നേരിയ ജീവൻ നൽകുന്ന ഒരേ ഒരു കൈ വഴിയാണ് തൂതപ്പുഴ. അതിന്റെ ഒരു കൈവഴിയായാ കാഞ്ഞിരപ്പുഴയിൽ ഒരു അണക്കെട്ടുവന്നപ്പോൾ തൂതപ്പുഴയിൽ വെള്ളം കുറഞ്ഞു. കാഞ്ഞിരപ്പുഴ അണക്കെട്ടാകട്ടെ കോടികൾ തുലച്ചിട്ടും നാളിതുവരെ പണിതീർന്നിട്ടുമില്ല. ഉദ്ദേശിച്ച ജലസേചനപ്രദേശത്തിന്റെ ഒരംശംപോലും നനക്കാനായിട്ടുമില്ല.

ഇന്ന് തൂതപ്പുഴയുടെ ഒഴുക്ക് നിലനിൽക്കുന്നത് സൈലന്റുവാലി നാഷണൽ പാർക്കിൽനിന്നുത്ഭവിക്കുന്ന കുന്തിപ്പുഴ കാരണം മാത്രമാണ്. ഈ വർഷത്തെ രൂക്ഷമായ വരൾച്ചയിലും വെള്ളമുണ്ടായിരുന്നത് കുന്തുപ്പുഴയിൽ മാത്രമാണ്. കേരളത്തിന്റെ പ്രത്യേകിച്ച് മലബാറിന്റെ കാലാവസ്ഥയെ എല്ലാ അർത്ഥത്തിലും സ്വാധീനിച്ചുവരുന്ന സൈലന്റ്‌വാലി മഴക്കാടുകളുടെ നിലനിൽപ്പിനും സംരക്ഷണത്തിനും പ്രബുദ്ധരായ കേരള ജനത രണ്ടുദശകങ്ങൾക്കു മുമ്പുതന്നെ ഉണർന്നു പ്രവർത്തിക്കുകയുണ്ടായി. ഈ സമ്മർദ്ദത്തിന്റെ ഭാഗമായിട്ടാണ് കേന്ദ്രസർക്കാർ ഭാരതപ്പുഴയുടെ വൃഷ്ടിപ്രദേശത്തെ അവശേഷിക്കുന്ന ഏറ്റവും നല്ല മഴക്കാടുകളെ സൈലന്റ്‌വാലി നാഷണൽ പാർക്കായി പ്രഖ്യാപിച്ചത്. ഇതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞതിനാലാണ് ഐക്യരാഷ്ട്രസഭയുടെ ലോകത്തിലെതന്നെ ഏറ്റവും സംരക്ഷണം അർഹിക്കുന്ന ജൈവമേഖലകളിലൊന്നായ നീലഗിരി ബയോസ്ഫിയർ റിസർവിന്റെ കേന്ദ്ര പ്രദേശമായി സൈലന്റ്‌വാലിയെ പ്രഖ്യാപിച്ചത്.

**നിർദ്ദിഷ്ട പാത്രക്കടവ് ജലവൈദ്യുതപദ്ധതി ഒറ്റനോട്ടത്തിൽ**

സ്ഥലം - മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിലെ നീലിക്കൽ പ്രദേശം.

| | | |
|---|---|---|
| അണക്കെട്ടിന്റെ ഉയരം | - | 64.5 മീറ്റർ |
| അണക്കെട്ടിന്റെ നീളം | - | 275 മീറ്റർ |
| ജലാശയ വിസ്തൃതി | - | 4.10 ഹെക്ടർ |
| ഹെഡ് | - | 350 മീറ്റർ |
| സ്ഥാപിത ശേഷി | - | 70 മെഗാവാട്ട് (2 ത 35) |
| പദ്ധതി ചിലവ് | - | 247.06 കോടി (1999 കണക്കുപ്രകാരം) |
| പ്രതിവർഷ വൈദ്യുതി ഉത്പാദനം | - | 21.4 കോടി യൂണിറ്റ് |
| മൊത്തം നഷ്ടപ്പെടുന്ന കാട് | - | 23 ഹെക്ടർ |
| പവർ ഹൗസ് | - | തത്തേങ്ങലം |

മഴക്കാലത്തുമാത്രം പൂർണ്ണ ഉൽപാദനം വിഭാവനം ചെയ്യുന്ന പദ്ധതിയാണിതെന്ന് വൈദ്യുതി ബോർഡു തന്നെ അവകാശപ്പെടുന്നു. പദ്ധതിപ്രദേശം കുത്തനെ ചെരിവുള്ളതായതിനാൽ 64.5 മീറ്റർ ഉയരമുണ്ടെങ്കിലും അണക്കെട്ടിൽ വളരെ കുറച്ച് ജലം മാത്രമേ സംഭരിക്കാൻ സാധിക്കുകയുള്ളു (8 ലക്ഷം ഘന മീറ്റർ) അതുകൊണ്ടുതന്നെ മഴക്കാലത്ത് ഒഴുകിയെത്തുന്ന ജലം സംഭരിക്കാൻ ഈ അണക്കെട്ടിന് കഴിയില്ല. മഴക്കാലത്തിനുശേഷം കുന്തിപ്പുഴയിലെ നീരൊഴുക്ക് ഗണ്യമായി കുറയുന്നതിനാൽ ജനുവരി മുതൽ റിസർവോയർ നിറക്കാൻ കുറഞ്ഞത് 4 ദിവസമെങ്കിലും വേണ്ടിവരും. അങ്ങനെ സംഭരിക്കുന്ന വെള്ളംകൊണ്ട് ഒരു ദിവസം ഏറ്റവും കൂടിയത് 2 മണിക്കൂർ മാത്രമാണ് വൈദ്യുതി ഉൽപാദനം സാദ്ധ്യമാവുക.

അതായത് വെള്ളത്തിന് ക്ഷാമമുള്ള കാലത്ത് പവർ ഹൗസിന് താഴെ നാലുദിവസത്തിലൊരിക്കൽ രണ്ടു മണിക്കൂർ മാത്രമായിരിക്കും കുന്തിപ്പുഴയിലെ ജലലഭ്യത. ബാക്കിസമയം പുഴ വറ്റിവരണ്ടു കിടക്കും.

5500 കോടി രൂപയിലേറെ സാമ്പത്തിക ബാദ്ധ്യത നേരിടുന്ന വൈദ്യുതിബോർഡ് ഇന്നത്തെ കണക്കുപ്രകാരം ഏറ്റവും ചുരുങ്ങിയത് 450 കോടി രൂപ ചിലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുമായി ഇറങ്ങി പുറപ്പെട്ടതിന്റെ യുക്തിയും ഉദ്ദേശശുദ്ധിയും എന്താണ്?

380 കോടി യൂണിറ്റ് പ്രസരണ-വിതരണനഷ്ടം (മൊത്തം ഉൽപാദനത്തിന്റെ 30 ശതമാനം) നേരിടുന്ന ബോർഡ് എന്തുകൊണ്ടാണ് അതു പരിഹരിക്കാൻ മുൻഗണന കൊടുക്കാത്തത്? ഈ പദ്ധതിയിലും 21.4 കോടി യൂണിറ്റ് ഉൽപാദിപ്പിച്ചാൽ പ്രസരണ-വിതരണ നഷ്ടം കഴിഞ്ഞ് 14 കോടി യൂണിറ്റ് മാത്രമല്ലേ ഉപഭോക്താക്കൾക്ക് ലഭിക്കുക? കാസർഗോഡ്, കോഴിക്കോട്, ബ്രഹ്മപുരം (ബി.എസ്.ഇ.എസ്. കൊച്ചി), കായംകുളം മുതലായ താപവൈദ്യുത നിലയങ്ങളിൽനിന്ന് യൂണിറ്റിന് 4 രൂപ കൊടുത്ത് വൈദ്യുതി വാങ്ങാൻ കെൽപ്പില്ലാത്തതുകൊണ്ടാണ് ഈ നിലയങ്ങൾ അടച്ചിട്ട് കേരളത്തിൽ ലോഡ് ഷെഡ്ഡിങ്ങ് നടപ്പിലാക്കിയിരിക്കുന്നത്. ഈ അവസ്ഥയിൽ യൂണിറ്റിന് 6 രൂപയോളം ചിലവുവരുന്ന നിർദ്ദിഷ്ട പാത്രക്കടവ് പദ്ധതിയിലെ വൈദ്യുതി ഉൽപാദനത്തെ കെ.എസ്.ഇ.ബി.യ്ക്ക് എങ്ങനെ നിലനിർത്താനാകും.